**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഗോത്ര സമൂഹത്തിനായുള്ള വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എ. രാജ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഇടമലക്കുടിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച റോഡ്, വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | വിവിധ വകുപ്പുകൾ യോജിച്ച് ഗോത്ര സമൂഹവുമായി ചേർന്ന് പ്രസ്തുത സമൂഹത്തിനായുള്ള വികസന പദ്ധതികൾ ശരിയായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വിവിധ വകുപ്പുകൾ യോജിച്ച് ഗോത്ര സമൂഹവുമായി ചേർന്ന് വികസന പദ്ധതികൾ ശരിയായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇടമലക്കുടിയുടെ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും, മേൽനോട്ടത്തിനുമായി ബഹു. ദേവികുളം എം.എൽ.എ രക്ഷാധികാരിയും, ദേവികുളം സബ് കളക്ടർ ചെയർമാനും, അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കൺവീനറും ആയി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇടമലക്കുടിയിൽ നടപ്പിലാക്കി വരുന്ന ഒരോ വികസന പ്രവർത്തനങ്ങളിലും പൊതുമരാമത്ത് വകുപ്പ്, വനം-വന്യജീവി, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം, ജല വിഭവം, വനിത-ശിശു വികസനം വൈദ്യുതി എന്നീ വകുപ്പുകൾ, ബി.എസ്.എൻ.എൽ എന്നിവയുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

**1. ഗതാഗതം**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മി റോഡ് നിർമ്മിക്കുന്നതിനായി 13.70 കോടി രൂപ അനുവദിച്ചു. 3.75 കിലോമീറ്റർ കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചത് കൂടാതെ 1.5 കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള 1.95 കി.മീ. റോഡ് പ്രവൃത്തിയും പൂർത്തീകരിക്കുവാൻ സാധിക്കും.

സൊസൈറ്റിക്കുടിയിൽ മണൽക്കടവ് റോഡിന് കുറുകെ പാലം, വെള്ളവരക്കുടി റോഡ്, പുളക്കുടി–മീൻകുത്തികുടി റോഡ്, ഷെഡ്ഡുകുടിയിൽ സാംസ്കാരിക നിലയം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 4 വീൽ ഡ്രൈവ് വാഹനം ഇടമലക്കുടി നിവാസികളുടെ യാത്രാസൗകര്യത്തിനായി ഉപയോഗിച്ചു വരുന്നു.

**2. ആരോഗ്യം**

ഇടമലക്കുടിയുടെ ആരോഗ്യ സംരക്ഷണം നടപ്പിലാക്കുന്നതിന് ഷെഡ് കുടിയിൽ പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ (PHC) പ്രവർത്തനം മാറ്റിയിട്ടുണ്ട്. ഇവിടെ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാണ്. ഇടമലക്കുടിയിൽ ആരോഗ്യ വകുപ്പ് എല്ലാ മാസവും മെന്റൽ ഹെൽത്ത് ക്ലിനിക്ക് നടപ്പിലാക്കി വരുന്നു. കൂടാതെ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്, പോഷകാഹാര ബോധവൽക്കരണ ക്ലാസ്സുകൾ, നോൺ കമ്യൂണിക്കബിൾ ഡിസീസ് സ്ക്രീനിംഗ് ടെസ്റ്റ്, ത്വക്ക് രോഗ ക്യാമ്പ്, കുഷ്ഠരോഗ നിർണ്ണയ ക്യാമ്പ് തുടങ്ങി വിവിധ തരം ക്യാമ്പുകളും നടത്തുന്നുണ്ട്.

ഇടമലക്കുടി നിവാസികൾക്ക് വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യങ്ങളിലേയ്ക്കായി ആരോഗ്യ മിഷന്റെ കീഴിൽ ഒരു ഫോർ വീൽ ഡ്രൈവ് വാഹനം ഉപയോഗിച്ചു വരുന്നുണ്ട്. കൂടാതെ, ആരോഗ്യ കേരളത്തിന് കീഴിൽ വരുന്ന മെഡിക്കൽ യൂണിറ്റ് (മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, നഴ്സ് എന്നിവരടങ്ങുന്ന സംഘം) എല്ലാ മാസവും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ജനനി ജന്മരക്ഷാ പദ്ധതിയുടെ പ്രയോജനം ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ലഭിക്കുന്നുണ്ട്. വർഷകാലത്ത് പോഷകാഹാരവും, ഭക്ഷണവും ഉറപ്പ് വരുത്തുക എന്ന പ്രധാന ലക്ഷ്യത്തോടെ ഫുഡ് സപ്പോർട്ട് പദ്ധതി മുഖേന ഭക്ഷ്യകിറ്റുകളും വിതരണം ചെയ്തുവരുന്നു. കൂടാതെ സമഗ്ര ആരോഗ്യസുരക്ഷാപദ്ധതി പ്രകാരം സൗജന്യ ചികിത്സയും നടപ്പിലാക്കി വരുന്നു.

**3. വിദ്യാഭ്യാസം.**

ഇടമലക്കുടിയിലെ മുഴുവൻ കുട്ടികൾക്കും ഇടമലക്കുടിയിൽ തന്നെ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിനായി ഇടമലക്കുടി ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തി. ഈ സ്കൂളിലെ നാല്പതോളം കുട്ടികൾക്ക് താമസിച്ച് പഠനം നടത്തുന്നതിനായി ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകളുണ്ട്. ഇതിനു പുറമേ ഇടമലക്കുടിയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മൂന്നാറിൽ ഒരു പ്രീമെട്രിക് ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടിയിലെ കുട്ടികൾക്ക് മൂന്നാർ, ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനത്തിന് പ്രത്യേക പരിഗണനയും നൽകുന്നുണ്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടമലക്കുടിയിൽ പ്രവർത്തിച്ചുവരുന്ന പത്ത് അങ്കൺവാടികളിൽ പുതുക്കുടി, ഷെഡുകുടി, ഇഡലിപ്പാറക്കുടി, മീൻകുത്തിക്കുടി, മുളകുതറക്കുടി എന്നിവിടങ്ങളിലെ 5 അങ്കൺവാടികൾ സ്മാർട്ട് അംഗൻവാടികൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആണ്ടവൻകുടി, കണ്ടത്തിക്കുടി എന്നിവിടങ്ങളിലെ അങ്കൺവാടികളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും, വെള്ളവരക്കുടിയിലെ അങ്കൺവാടി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കമ്മിറ്റഡ് സോഷ്യൽ വർക്കർ, എസ്.ടി. പ്രൊമോട്ടർ എന്നിവരുടെയും സേവനം ഇടമലക്കുടിയിൽ ലഭ്യമാകുന്നുണ്ട്. ഇടമലക്കുടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ മുതൽ എല്ലാ വിദ്യാഭ്യാസ പദ്ധതികളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടഞ്ഞ് മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ബ്ലോക്ക് റിസോഴ്സ് സെന്ററിൽ (BRC) നിന്നും 4 വോളന്റിയേഴ്സിനെ നിയമിച്ചിട്ടുണ്ട്.

4. **വൈദ്യുതി.**

ഇടമലക്കുടിയിലെ സമ്പൂർണ്ണ വൈദ്യുതികരണ പദ്ധതിപ്രകാരം നടുക്കുടി, ഷെഡ്ഡുകുടി എന്നിവിടങ്ങളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചു. കണ്ടത്തിക്കുടി, അമ്പലപ്പടിക്കുടി, ആണ്ടവൻ കുടി എന്നിവിടങ്ങളിലെ വൈദ്യുതീകരണപ്രവർത്തനം, റോഡ് നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് പൂർത്തിയാക്കുന്നതാണ്. അവശേഷിക്കുന്ന 17 കുടികളിൽ (അമ്പലപ്പാറക്കുടി, കവക്കാട്ടുകുടി, പരപ്പയാർകുടി, തെൻപാറ, വെള്ളക്കശംകുടി, ഇരുപ്പുകൽകുടി, കീഴ്വളയംപാറക്കുടി, കീഴ്ത്തംകുടി, കൂടല്ലാർകുടി, മീൻകുത്തികുടി, മേൽപ്പത്തംകുടി, മുളകുതറകുടി, നെൻമണൽകുടി, നൂറടിക്കുടി, പാറക്കുടി, പെരുംകടവുകുടി, വെള്ളവരക്കുടി) അനർട്ട് മുഖേന സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

5. **ഇന്റർനെറ്റ് കണക്റ്റിവിറ്റി**

ഇടമലക്കുടിയിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി 4.37 കോടി രൂപ അനുവദിച്ചു. കേബിൾ വർക്കുകളും, ഷെഡ്ഡുകുടിയിലെ ടവറിന്റെ നിർമ്മാണവും പൂർത്തിയാക്കി കണക്റ്റിവിറ്റി ലഭ്യത ഉറപ്പാക്കി. റോഡ് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കേപ്പക്കാട്, ഇഡലിപ്പാറക്കുടി, നടുക്കുടി, ഇരുപ്പുകൽകുടി എന്നിവിടങ്ങളിലെ 4 ടവറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ എല്ലാ ഊരുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാകും.

Binya
സെക്ഷൻ ഓഫീസർ